● പഠനം

● അബ്ദുൽ അസീസ് പൊന്മുണ്ടം

# ഹാകിമിയ്യത്ത് നിഷേധം: അന്നും ഇന്നും

ഇസ്‌ലാമിക നാടുകളിൽ ശരീഅത്തായിരുന്നു കഴിഞ്ഞ കാലമത്രയും നിയമസംഹിതയായി വർത്തിച്ചിരുന്നത്; ഏത് പ്രശ്നത്തിലുമുള്ള വിധിതീർപ്പുകളും അതനുസരിച്ച് മാത്രമായിരുന്നു നടത്തപ്പെട്ടിരുന്നതും. അധർമികളും താന്തോന്നികളുമായ സ്വേഛാധിപതികൾ അധികാരത്തിൽ വന്ന സന്ദർഭങ്ങളിൽ ശരീഅത്ത് നിയമങ്ങൾക്കെതിരെ ചിലതൊക്കെ നടപ്പിലാക്കിയ സംഭവങ്ങളുണ്ടായിട്ടുണ്ടെന്നത് ശരിയാണെങ്കിലും അവരും ശരീഅത്തിനെ ആദരിച്ചിരുന്നു. അവർ തെറ്റ് ചെയ്തു എന്നു മാത്രം. എന്നാൽ മുസ്‌ലിംകൾ തങ്ങൾക്കായി ഇസ്‌ലാമിക ശരീഅത്തല്ലാത്ത മറ്റൊരു നിയമസംഹിത ഉണ്ടാക്കുകയോ, അംഗീകരിക്കുകയോ ചെയ്ത സംഭവം അവരുടെ ചരിത്രത്തിൽ നാളിതുവരെ ഉണ്ടായിട്ടില്ല. ഹിജ്റഃ പതിമൂന്നാം നൂറ്റാണ്ടിന്റെ അർദ്ധഘട്ടം വരെ ഈ അവസ്ഥയായിരുന്നു നിലനിന്നിരുന്നത്. ഇതിന്നപവാദമായി ഒരു സംഭവുമുണ്ട്. അതായത്, ഹിജ്റ എഴാം നൂറ്റാണ്ടിൽ താർത്താരി ഭരണാധികാരികൾ-അവർ മുസ്‌ലിംകളായതിനു ശേഷം തന്നെ-ഇസ്‌ലാമിക ശരീഅത്തിനുപകരം ഒരു നിയമസംഹിത നിർമിച്ചുണ്ടാക്കി. ചരിത്രത്തിൽ 'യാസ' എന്നും 'യാസിഖ്' എന്നും അതറിയപ്പെടുന്നു. വിവിധ ശരീഅത്തുകളിൽ നിന്ന് ചിലത് തിരഞ്ഞെടുത്തും ഇഛാനുസരണം പലതും കൂട്ടിച്ചേർത്തുമുണ്ടാക്കിയ പ്രസ്തുത 'ശരീഅത്താ'യിരുന്നു ഭരണത്തിന്റെ അടിസ്ഥാനമായി അവർ അംഗീകരിച്ചതും തങ്ങളുടെ ജനതക്കുള്ള നിയമമായി നിശ്ചയിച്ചതും. എന്നാൽ മുസ്‌ലിം ലോകം പൊതുവെ അവരുടെ ഈ കൃത്രിമ ശരീഅത്തിന് വഴങ്ങിയില്ല. അതുപഠിക്കുകയോ തങ്ങളുടെ സന്താനങ്ങളെ പഠിപ്പിക്കുകയോ ചെയ്തില്ല. തനിമിത്തം അതിന്റെ സ്വാധീനം മുസ്‌ലിം നാടുകളിൽ നിന്ന് ക്രമേണ തുടച്ചുനീക്കപ്പെട്ടു. താർത്താരികളുടെ അത്യന്തം ദ്രോഹകരമായ ഈ ദുർനടപടിക്കെതിരെ ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യയെ പോലുള്ളവർ ജിഹാദ് ഫത്‌വ ഇറക്കുകയും, അത് ശിർക്കും കുഫ്റുമാണെന്ന് പ്രഖ്യാപിക്കുകയും, കഴിയും വിധമെല്ലാം അവർക്കെതിരെ സമരം സംഘടിപ്പിക്കുകയും ചെയ്തിരുന്നുവെന്ന കാര്യം ഗൗരവപൂർവം മനസ്സിലാക്കേണ്ടതുണ്ട്. 1582 ൽ അക്ബർ ചക്രവർത്തി നടപ്പാക്കിയ ദീനെ ഇലാഹിയും ചെറിയൊരുപവാദമായി കണക്കാക്കാം. അതിനും സമൂഹത്തിൽ വേരോടാൻ കഴിഞ്ഞില്ല. അന്നത്തെ മുസ്‌ലിംകളിൽ അവശേഷിച്ചിരുന്ന ഈമാനിന്റെ ശക്തിയാണ് ഈ രണ്ടു സംരംഭങ്ങളും പരാജയപ്പെടാനുള്ള കാരണം.

പതിനെട്ട്-പത്തൊമ്പത് നൂറ്റാണ്ടുകളിൽ പൗരസ്ത്യ നാടുകളിൽ ഇരച്ചുകയറിയ പാശ്ചാത്യ സാമ്രാജ്യത്വ ശക്തികൾ തങ്ങളുടെ വീക്ഷണവിശ്വാസങ്ങൾ അവിടങ്ങളിൽ ശക്തിയായി പ്രചരിപ്പിക്കുകയും അധികാരം മാധ്യമങ്ങളിലൂടെ അടിച്ചേൽപ്പിക്കുകയും ചെയ്തു. അങ്ങനെ അധിനിവിഷ്ഠ പ്രദേശങ്ങളിൽ പാശ്ചാത്യരുടെ ഭാഷയും സംസ്കാരവും ജീവിത വൈകൃതങ്ങളും നടപ്പാക്കപ്പെട്ടു. തദ്ഫലമായി പൗരസ്ത്യ നാടുകളിലെ നിവാസികൾ സാമ്രാജ്യത്വ ശക്തികളുടെ ആശയാദർശങ്ങളുടെ വാഹകരായി മാറി. സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലെല്ലാം നിയമനിർമാണത്തിന്റെ പരമാധികാരം ദൈവത്തിനല്ല, ജനങ്ങൾക്കാണെന്ന പാശ്ചാത്യ സിദ്ധാന്തത്തിന് മുസ്‌ലിം നാടുകളിൽ പോലും വമ്പിച്ച പ്രചാരം ലഭിച്ചു. الدين لله والوطن للجميع (മതം ദൈവത്തിന്, രാജ്യം ജനങ്ങൾക്ക്),الدين لله والشرع للشعب (മതം ദൈവത്തിന്, നിയമനിർമാണാധികാരം ജനങ്ങൾക്ക്) പോലുള്ള സഅ്ദ് സഗ്‌ലൂലിന്റെ മുദ്രാവാക്യങ്ങൾ ഇതിന്റെ പ്രകടമായ തെളിവാണ്. ഭരണ-രാഷ്ട്രീയ കാര്യങ്ങൾ ദുൻയാവിന്റെ കാര്യങ്ങളാണെന്നും അതിന്ന് ദീനുമായി ബന്ധമില്ലെന്നും സ്ഥാപിക്കാനായി അലി അബ്ദുർറാസിഖ് എഴുതിയ الإسلام وأصول الحكم (ഇസ്‌ലാമും ഭരണ നിയമങ്ങളും) എന്ന പുസ്തകം മുസ്‌ലിം ജനസാമാന്യത്തെ അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെ കുറിച്ചും ഇസ്‌ലാമിന്റെ ഭരണ-രാഷ്ട്രീയ തത്വങ്ങളെക്കുറിച്ചും തെറ്റിദ്ധരിപ്പിക്കുന്നതിൽ സാരമായി പങ്കുവഹിച്ചു.

ഈജിപ്തിൽ 1856 വരെ ശരീഅത്ത് കോടതികളായിരുന്നു നീതിന്യായം നടത്തിയിരുന്നത്. പിന്നീട് ഗവൺമെന്റ് അതിന്റെ നിയമവ്യവസ്ഥ ഫ്രഞ്ച് നിയമമനുസരിച്ച് മാറ്റി. ശർഈ കോടതികൾക്ക് മുസ്‌ലിംകളുടെ വ്യക്തിനിയമങ്ങൾ മാത്രം വിട്ടുകൊടുത്തു. ഹിജ്റഃ ഏഴാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ പതിനാലാം നൂറ്റാണ്ടിന്റെ

മധ്യം വരെ ആറു നൂറ്റാണ്ടിലധികം കാലം ഇസ്‌ലാമിന്റെ പതാക ഉയർത്തിപ്പിടിച്ച രാഷ്ട്രമായിരുന്നു തുർക്കി. അവിടെ 1517ൽ സ്ഥാപിതമായ ഖിലാഫത്ത് വ്യവസ്ഥ 1924 ൽ ദുർബലമാക്കപ്പെട്ടു. ഇസ്‌ലാമിക ശരീഅത്ത് അടിസ്ഥാനമാക്കി രൂപവൽകരിക്കപ്പെട്ട തുർക്കി സിവിൽ നിയമം തന്നെയായിരുന്നു ഇറാഖിലും ലബനാനിലും സിറിയയിലുമെല്ലാം നടപ്പിലുണ്ടായിരുന്നത്. എന്നാൽ, പിന്നീട് തുർക്കിയും അൽബേനിയയുമാണ് ഇസ്‌ലാമിക ശരീഅത്തിനെ മനുഷ്യ ജീവിതത്തിൽ നിന്ന്, വിശിഷ്യ, ഭരണ-രാഷ്ട്രീയ മേഖലകളിൽ നിന്ന് തുരത്തുന്നതിൽ ഏറ്റവുമധികം മുമ്പോട്ട് പോയത്. ഇരുപതാം നൂറ്റാണ്ടിൽ തങ്ങൾ മതേതര സ്റ്റേറ്റുകളാണെന്ന് ആ രണ്ടു നാടുകളും 'ധീരമായി' പ്രഖ്യാപിച്ചു. തങ്ങളുടെ നിയമവ്യവസ്ഥ ഇറ്റലി, സ്വിറ്റ്സർലന്റ്, ഫ്രാൻസ് എന്നിവയുടെ നിയമമനുസരിച്ച് മാറ്റുകയുണ്ടായി. മുസ്‌ലിംകളുടെ വ്യക്തിനിയമങ്ങളെ പോലും അവർ വെറുതെവിട്ടില്ല. ലോകത്തെവിടെയും ഒരു അമുസ്‌ലിം രാഷ്ട്രം പോലും ചെയ്തിട്ടില്ലാത്ത ക്രൂരതയാണവർ കാണിച്ചത്.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പിറവിയെടുക്കുന്നത്. തൗഹീദിനെതിരെ ഉയർന്ന ഏറ്റവും പുതിയതും ശക്തവുമായ വെല്ലുവിളി നിയമനിർമാണത്തിന്റെ പരമാധികാരം ജനങ്ങൾക്കാണെന്ന സിദ്ധാന്തമാണെന്ന് അവ മനസ്സിലാക്കി. അല്ലാഹുവിന്റെ അവകാശത്തിനു (തൗഹീദിന്) നേരെയുള്ള ഈ കൈയേറ്റത്തെയും പങ്കുചേർക്കലിനെയും കൈയും കെട്ടി നോക്കിനിൽക്കാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് സാധ്യമായിരുന്നില്ല. അതിനാലാണ് നിയമനിർമാണാധികാരം അല്ലാഹുവിന്നാണെന്ന കാര്യം അവ അടിക്കടി ഊന്നിപ്പറഞ്ഞുകൊണ്ടിരുന്നത്.

പ്രസിദ്ധ സലഫി പണ്ഡിതനായ അബ്ദുർറഹ്മാൻ അബ്ദുൽ ഖാലിഖ് പറയുന്നു: തിരുമേനിക്കു ശേഷം മുസ്‌ലിംകളുടെ രാഷ്ട്രീയ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത് ഖലീഫമാരായിരുന്നല്ലോ. ദീനിനോടും അതിന്റെ അത്യുന്നതമായ രാഷ്ട്രീയ നയങ്ങളോടുമുള്ള അടുപ്പത്തിൽ ഏറ്റക്കുറവുകളോടെ ഒരു ഖലീഫക്കു ശേഷം മറ്റൊരു ഖലീഫ അത് കൈകാര്യം ചെയ്തുപോന്നു. ചരിത്രത്തിൽ ഏറ്റവും പ്രശോഭിച്ചുനിൽക്കുന്നത് ഖിലാഫത്തുർറാശിദയുടെ ഘട്ടമാണ്. പിന്നെ ക്രമപ്രകാരം ബനൂ ഉമയ്യഃ, ബനൂ അബ്ബാസ്, ബനൂ ഉസ്മാൻ, പിന്നെ ഖുർആന്റെയും സുന്നത്തിന്റെയും പതാകക്കു കീഴിൽ ഭരണം നടത്തിയ മറ്റുള്ളവരും. ഈ ഘട്ടങ്ങളിലൊക്കെ മുസ്‌ലിംകൾ-ഭരണാധികാരികളും ഭരണീയരും-തങ്ങളുടെ ഇജ്തിഹാദും ബോധവുമനുസരിച്ച് ശർഈ ഭരണം തന്നെയാണ് അംഗീകരിച്ച് വന്നിരുന്നതെന്ന് വ്യക്തം. സകല പ്രശ്നങ്ങളുടെയും പരിഹാര കേന്ദ്രമായും നേതാവിന്റെയും പ്രജകളുടെയും മേൽ വിധികർത്താവായും ഇസ്‌ലാമിക രാഷ്ട്രത്തിലും അനിസ്‌ലാമിക രാഷ്ട്രത്തിലും യുദ്ധ-സമാധാന അവസ്ഥകളിലുമൊക്കെ അമുസ്‌ലിംകളുമായുള്ള സമീപനം എപ്രകാരമായിരിക്കണമെന്നതിന്റെ മാർഗദർശകമായുമെല്ലാം ഖുർആനും സുന്നത്തുമാണ് അംഗീകരിക്കപ്പെട്ടിരുന്നത്.

എന്നാൽ ഹിജ്റഃ 1345ൽ ഉസ്മാനിയാ കുടുംബത്തിലെ ഒടുവിലത്തെ സുൽത്താന്റെ പതനത്തോടെ, പതിമൂന്ന് നൂറ്റാണ്ടുകാലം നിരന്തരമായി നിലനിന്നുവന്നിരുന്ന ഖിലാഫത്ത് അവസാനിച്ചു. അതോടെ മുസ്‌ലിംകൾ അവരുടെ നാടുകളിൽ മുൻ നൂറ്റാണ്ടുകളിലൊന്നും തുല്യതയില്ലാത്തതും തികച്ചും വിചിത്രവുമായ അവസ്ഥാ വിശേഷങ്ങളെ നേരിടേണ്ടിവന്നു. ആ അവസ്ഥാ വിശേഷങ്ങളിൽ പ്രധാനപ്പെട്ടവ ഇങ്ങനെ സംഗ്രഹിക്കാം: നാട്ടിൽ നടപ്പുണ്ടായിരുന്ന ഇസ്‌ലാമിക നിയമങ്ങളും വ്യവസ്ഥകളുമൊക്കെ മാറ്റി പകരം അനിസ്‌ലാമിക നിയമങ്ങളും വ്യവസ്ഥകളും നടപ്പിലാക്കി. വിദ്യാഭ്യാസ സമ്പ്രദായം അടിമുടി മാറ്റിമറിച്ചു. പകരം ജീവിതത്തിന്റെ പാശ്ചാത്യ ഭൗതിക വ്യാഖ്യാനത്തിൽ വിശ്വസിക്കുന്നവരും ഇസ്‌ലാമികാദർശത്തെയും ശരീഅത്തിനെയും എതിർക്കുന്നവരുമായ ഒരു പുതിയ തലമുറയെ വാർത്തെടുക്കാനുതകുന്ന രീതി നടപ്പിൽ വരുത്തി. ഇസ്‌ലാമിക ഖിലാഫത്ത് പൂർണമായും ദുർബലപ്പെടുത്തുക മാത്രമല്ല, അത് തിരിച്ചുകൊണ്ടുവരാനുള്ള ഏതു ശ്രമവും നിയമദൃഷ്ട്യാ ശിക്ഷാർഹമായ കുറ്റമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു...

വന്നുഭവിച്ച ഈ സ്ഥിതിവിശേഷങ്ങളകറ്റാൻ മുസ്‌ലിംകൾ പിന്നീട് മിക്കവാറും എല്ലാ സ്ഥലത്തും പരിശ്രമിച്ചിട്ടുണ്ട്. സത്യനിഷേധികളായ ഈ കൊളോണിയൽ ശക്തികൾക്കെതിരെ അവർ വിപ്ലവങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. തൽഫലമായി മിക്ക രാജ്യങ്ങളും രാഷ്ട്രീയ സ്വാതന്ത്ര്യം നേടുകയും ചെയ്തു. പക്ഷേ, ഈ കോളോണിയൽ ശക്തികൾ ദീനിന് വിരുദ്ധമായ ഒരവസ്ഥ സൃഷ്ടിച്ചുവെച്ചതിനു ശേഷം മാത്രമാണ് മുസ്‌ലിം നാടുകളിൽ നിന്ന് കെട്ടുകെട്ടിയിട്ടുള്ളത്. നീണ്ട സമരത്തിലൂടെയല്ലാതെ മാറ്റിയെടുക്കാൻ സാധ്യമല്ലാത്ത ഒരവസ്ഥ. അതിന്റെ സവിശേഷതകൾ ഇങ്ങനെ വായിക്കാം: (1)മുസ്‌ലിംകളുടേത് തന്നെയായ പാവഗവൺമെന്റുകൾ നിലവിൽ വന്നു. അതായത് പശ്ചാത്യ സമ്പ്രദായത്തിനും സംസ്കാരത്തിനുമൊത്ത് വളർത്തപ്പെട്ട ഒരു തലമുറയിലും പാശ്ചാത്യ നിയമവ്യവസ്ഥകളിലും രൂപം കൊണ്ട ഒരവസ്ഥാ വിശേഷം. (2)കൊളോണിയൽ ശക്തികൾ മുസ്‌ലിം നാടുകളിൽ കാലുകുത്തിയപ്പോൾ ഒന്നാമതായി ശ്രമിച്ചത് തങ്ങളുടെ ഇരിപ്പുറപ്പിക്കാനും, മുസ്‌ലിംകൾ തങ്ങളുടെ ദീനിലേക്ക് രണ്ടാമതും മടങ്ങുന്നത് പൂർണമായും തടയുന്നതിന് തങ്ങളുണ്ടാക്കിയ പദ്ധതികൾ നടപ്പിൽ വരുത്താനുമായിരുന്നു. അതിനാൽ ഒരിക്കലും തട്ടിനീക്കാൻ സാധ്യമല്ലാത്ത അഥവാ നീണ്ടകാലത്തെ കഠിനാധ്വാനം കൊണ്ടല്ലാതെ തട്ടിനീക്കാൻ കഴിയാത്ത വിധമുള്ള ഭയാനകമായ തടസ്സങ്ങൾ വലിച്ചിടുന്നതിൽ അവർ ശ്രദ്ധ കേന്ദ്രീകരിച്ചു. അവയിൽ ഏറ്റവും കടുത്ത തടസ്സം ഇസ്‌ലാമിക ശരീഅത്തും നിയമങ്ങളും മാറ്റി പകരം അനിസ്‌ലാമിക നിയമവ്യവസ്ഥകൾ നടപ്പിലാക്കുകയായിരുന്നു. അതുവഴി ശരീഅത്ത് അധികാരത്തിൽ നിന്ന് തുരത്തപ്പെട്ടു. നിയമനിർമാണാധികാരം ഏകാധിപതിക്കോ ഭരണകക്ഷിക്കോ പ്രതിനിധിസഭക്കോ നൽകിക്കൊണ്ട് കിതാബിനോ സുന്നത്തിനോ മറ്റു ഇസ്‌ലാമിക നിയമസ്രോതസ്സുകൾക്കോ മാത്രമായിരിക്കണം ആ അധികാരമെന്ന

ഉപാധി പൂർണമായും ഒഴിവാക്കപ്പെട്ടു. ഖുർആൻ, ബൈബിൾ, ഇംഗ്ലീഷ്-ഫ്രഞ്ച് നിയമസംഹിതകൾ കീഴ്‌വഴക്ക സമ്പ്രദായങ്ങൾ തുടങ്ങി ഏതുമാവാം നിയമ സ്രോതസ്സുകൾ. ഖുർആനിന്നും സുന്നത്തിനും പ്രത്യേകതയൊന്നുമില്ല എന്നും തീരുമാനിക്കപ്പെട്ടു.

فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَى يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ (السناء:٦٥)

وان احكم بَيْنَهُمْ بِمَا أَنْزَلَ الله ولاَ تَتَبِعْ أَهْوَاءهُم (المائدة:٤٩)

أَفَتُؤْمِنُونَ بِبَعْضِ الكِتَاب وَتَكْفُرُون بِبعض (البقرة:٨٥).

എന്നീ ഖുർആൻ സൂക്തങ്ങൾ പ്രകാരം ഇത് കുഫ്റാണെന്ന് വ്യക്തമാണല്ലോ.

ഇസ്‌ലാമിൽ അധിഷ്ഠിതമല്ലാത്ത സാമ്പത്തിക വ്യവസ്ഥ. ഒന്നുകിൽ പലിശയും കുത്തകകളും ഹലാലാക്കുന്ന, ധനവിതരണം ദുഷിപ്പിക്കുന്ന, ജനങ്ങളെ വ്യത്യസ്ത തട്ടുകളാക്കുന്ന മുതലാളിത്ത വ്യവസ്ഥിതി. അല്ലെങ്കിൽ കഴിവുകൾ മരവിപ്പിക്കുന്ന, പ്രേരകങ്ങൾ നിർവീര്യമാക്കുന്ന, ഗവേഷണ-പര്യവേക്ഷണങ്ങൾ നിരുത്സാഹപ്പെടുത്തുന്ന, വ്യക്തി സ്വാതന്ത്ര്യം ഹനിക്കുന്ന സോഷ്യലിസ്റ്റ്-കമ്യൂണിസ്റ്റ് വ്യവസ്ഥിതി. ധാരാളം സംസാരിക്കുന്ന, എന്നാൽ എന്താണ് സംസാരിക്കുന്നതെന്നറിയാത്ത ഉന്നത സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയിട്ടുള്ള പക്ഷേ, ദീനിന്റെയോ ദുൻയാവിന്റെയോ കാര്യത്തിൽ ആശ്രയിക്കാൻ കൊള്ളാത്ത 'അഭിജ്ഞ'രെ വാർത്തെടുക്കുന്ന വിദ്യാഭ്യാസ-ശിക്ഷണ പദ്ധതി നടപ്പിൽ വന്നു... ഖിലാഫത്തിനു ശേഷമുള്ള മുസ്‌ലിം അവസ്ഥയുടെ സംഗ്രഹമാണിത്രയും. (അൽ മുസ്‌ലിമൂന വൽ അമലുസ്സിയാസി, പേ: 12-16).

ചുരുക്കത്തിൽ, കഴിഞ്ഞ നൂറ്റാണ്ടുകളിൽ മുസ്‌ലിം നാടുകളെ വീതം വെച്ചെടുത്ത പാശ്ചാത്യ സാമ്രാജ്യത്വ ശക്തികൾ തങ്ങൾ കീഴടക്കിയ പ്രദേശങ്ങളിൽ വിദ്യാഭ്യാസ-നിയമ മേഖലകളിലും മറ്റും നടത്തിയ പരിഷ്കരണങ്ങളിലൂടെ, പൊതുവേ, അഭ്യസ്തവിദ്യരും ഉന്നതസ്ഥാനീയരും കഴിവുറ്റവരുമായിരുന്ന ലക്ഷക്കണക്കിന് മുസ്‌ലിം നാമധാരികളായ ഹാക്കിമിയ്യത്ത് വിരോധികളെ സൃഷ്ടിച്ചെടുത്തു. തുർക്കിയിലെ കമാലിസ്റ്റുകൾ, ദൽവായിമാർ, ഫൈസിമാർ, പർവേസ്മാർ, റുശ്ദിമാർ... തുടങ്ങിയവരും 'ധൈര്യപൂർവം' മറനീക്കി പുറത്തുവന്ന ഈജിപ്തിലെ അലി അബ്ദർറാസിഖും. ഇസ്‌ലാമിലും ഖുർആനിൽ തന്നെയും പിഴവുണ്ടെന്ന് വാദിച്ച പാക്കിസ്താനിലെ അയ്യൂബ് ഖാനും, ഇസ്‌ലാമിലെ ഖിസ്വാസും ഫിദ്‌യയുമെല്ലാം 'ആധുനിക നാഗരികതയോട് യോജിക്കാത്തതും മുതലാളിമാർക്കും ജന്മിമാർക്കും മാത്രം പറ്റിയതുമാണെ'ന്ന് പറഞ്ഞ ബേനസീർ ബൂട്ടോയും, പാക്കിസ്ഥാനിൽ സ്റ്റേറ്റ് മതം ഇസ്‌ലാമായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ 'ഞങ്ങൾക്ക് ലോകത്തിനുമുന്നിൽ തലയുയർത്തി നടക്കാൻ പറ്റാതായല്ലോ' എന്ന് പല്ലിറുമ്മിയ മുസ്‌ലിം ലീഗിലെ ചില നേതാക്കളും, ഇന്നും മുസ്‌ലിം നാടുകളിൽ ശരീഅത്ത് പ്രക്ഷോഭത്തെ അടിച്ചമർത്താൻ അമേരിക്കയുടെ വാലായി നടക്കുന്ന സ്വേചരാധിപതികളായ ഭരണാധികാരികളും... ചില ഉദാഹരണങ്ങൾ മാത്രം.

എന്നാൽ ഈ ഹാകിമിയ്യത്ത് വിരോധികൾ ലോകത്ത് പൊതുവെയും മുസ്‌ലിം നാടുകളിൽ വിശേഷിച്ചും സൃഷ്ടിച്ചുവിടുന്ന വ്യാപകമായ തൗഹീദ് നിഷേധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ലോകമെങ്ങുമുള്ള ഇസ്‌ലാമിസ്റ്റ്-സലഫി പണ്ഡിതന്മാർ തികച്ചും ബോധവാന്മാരായിരുന്നെന്നും അതിനെ നേരിടാൻ അവർ കഴിവതും പരിശ്രമിച്ചിട്ടുണ്ടെന്നുമുള്ള യാഥാർത്ഥ്യം മുമ്പുദ്ധരിച്ചതും താഴെ ഉദ്ധരിക്കാനിരിക്കുന്നതുമായ പണ്ഡിത വചനങ്ങളിൽ നിന്ന് തികച്ചും വ്യക്തമാണ്. എന്നാൽ കേരളത്തിലെ നമ്മുടെ 'ഇസ്‌ലാഹീ' സുഹൃത്തുക്കളും സാമുദായിക രാഷ്ട്രീയക്കാരും 'സെക്യുലരിസ്റ്റ് മുസ്‌ലിം ബുദ്ധിജീവി'കളും പറയുന്നതെന്താണെന്നല്ലേ?. ഹാകിമിയ്യത്ത് പ്രശ്നം വെറും സാങ്കൽപികമാണ്. അതിനെ നിഷേധിക്കുന്നവരായി ആരും തന്നെയില്ല!. മക്കാ മുശ്‌രിക്കുകൾ പോലും ഹാകിമിയ്യത്ത് അംഗീകരിച്ചിരുന്നു!.

സുഊദി അറേബ്യയിലെ യാമ്പു ഇന്ത്യൻ ഇസ്‌ലാഹി സെന്റർ പ്രസിദ്ധീകരിച്ച 'ജമാഅത്തെ ഇസ്‌ലാമി എന്തുകൊണ്ട് വിമർശിക്കപ്പെടുന്നു' എന്ന ലഘുലേഖയിൽ ഇപ്രകാരം കാണാം. '(ജമാഅത്തുകാരുടെ) പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും കണ്ടാൽ അല്ലാഹുവിന്റെ പരമാധികാരം അംഗീകരിക്കണമെന്ന് പറഞ്ഞതുകൊണ്ടാണ് മറ്റു മുസ്‌ലിംകൾ അവരെ വിമർശിക്കുന്നതെന്നാണ് തോന്നുക. സത്യത്തിൽ ഈ പരമാധികാര പ്രശ്നം മുസ്‌ലിംകൾക്കിടയിൽ ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്തതാണ്. അല്ലാഹുവിന്റെ പരമാധികാരം അംഗീകരിക്കുവാൻ മുശ്‌രിക്കുകൾ പോലും സന്നദ്ധമായിരുന്നുവെന്ന വസ്തുത വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നുണ്ട്(23:88,89). ഇന്ന് ജീവിച്ചിരിക്കുന്ന ബഹുദൈവാരാധകരും സ്രഷ്ടാവും സംരക്ഷകനുമായ ഏകദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുന്നവരാണ്. ജനങ്ങളോട് അല്ലാഹുവിന്റെ പരമാധികാരം അംഗീകരിക്കുവാനല്ല; പ്രത്യുത പരമാധികാരമുള്ളവനെന്ന് എല്ലാവരും അംഗീകരിക്കുന്ന പടച്ചതമ്പുരാനെ മാത്രം ആരാധിക്കണമെന്ന് പഠിപ്പിക്കുന്നതിന് വേണ്ടിയാണ് പ്രവാചകന്മാരെല്ലാം നിയോഗിതരായത്'

കെ.പി. മുഹമ്മദ് മൗലവി എഴുതുന്നു: ദൈവാധിപത്യം എന്ന സങ്കൽപം തന്നെ ശരിയല്ല. ഭൂമയിലേയും പ്രപഞ്ചത്തിലേയും മുഴുവൻ ആധിപത്യവും അല്ലാഹുവിന് തന്നെ. അത് അഭംഗുരം തുടരുന്നുമുണ്ട്. പ്രപഞ്ചത്തിലെ ഈ ദൈവാധിപത്യത്തെ കുറിച്ച് പറയുന്ന പരിശുദ്ധ ഖുർആൻ വചനങ്ങളെ സന്ദർഭങ്ങളിൽ നിന്നടർത്തി മനുഷ്യൻ ഭൂമിയിൽ കയ്യാളേണ്ടുന്ന ഭരണാധികാരത്തിന് ബാധകമാക്കുന്ന പതിവ് രാഷ്ട്രീയ കണ്ണുള്ള ചില മത പ്രവർത്തകർ സ്വീകരിക്കാറുണ്ട്. ഈ വ്യാഖ്യാനം പിഴവാണ്. ഭരണപരമായ കാര്യങ്ങൾ സ്വാതന്ത്രപൂർവ്വം കൈയ്യാളാൻ മനുഷ്യർക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ്' (മാതൃഭൂമി റമളാൻ സപ്ലിമെന്റ്, 1995).

അദ്ദേഹം തന്നെ പറയുന്നു: 'ലോകത്തിന്റെ മുഴുവൻ ഭരണാധികാരവും നിയന്ത്രണാവകാശവും അല്ലാഹുവിന് മാത്രമാണ്. ബഹുദൈവാരാധകരും ഇത് സമ്മതിക്കുന്നു. അതിലാർക്കും പങ്കും സ്വാധീനവുമില്ല. ഇതാണ് യഥാർത്ഥത്തിൽ ദൈവിക ഭരണം (ഹുകൂമത്തുൽ ഇലാ

ഹിയ്യ) എന്നത് കൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ ഇത് മറ്റൊരു നിലക്ക് വ്യാഖ്യാനിച്ച് ദൈവിക ഭരണം നഷ്ടപ്പെട്ടിരിക്കയാണെന്നും അത് പുനഃസ്ഥാപിക്കേണ്ടത് വിശ്വാസികളുടെ ഏറ്റവും പ്രധാനമായ ചുമതലയാണെന്നും വാദിക്കുന്നവരുണ്ട്' (അൽ മനാർ:1989 ഡിസംബർ, പേജ്:25).

ولا يشرك في حكمه أحدا (الكهف:٢٧) എന്ന ആയത്തിന്റെ വിശദീകരണമായി 'ഇബാദത്തും ഇത്വാഅത്തും' എന്ന പുസ്തകത്തിൽ കെ.പി മുഹമ്മദ് മൗലവി എഴുതിയതിങ്ങനെ: 'അവന്റെ ഹുക്മിൽ നിങ്ങൾ ആരയും പങ്കുചേർക്കരുത്' എന്നല്ല ഖുർആൻ പറഞ്ഞത്. 'അവന്റെ ഹുക്മിൽ ആരെയും പങ്കുചേർക്കുന്നില്ല' എന്നാണ്. അപ്പോൾ അവന്റെ ഹുക്മ് ആരുടേയും പങ്കില്ലാതെ തന്നെ അവൻ നടത്തിക്കൊണ്ടിരിക്കുന്നുണ്ട് എന്നല്ലേ ഇതിന്റെ അർഥം? ഇവർ പറയുന്ന ഭൗതിക ലോകത്തെ ഭരണമാണ് 'ഹുക്മ്' എന്നത് കൊണ്ട് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് എങ്കിൽ ആ ഹുക്മിൽ പലരും ഇവിടെ പങ്കുവഹിക്കുന്നുണ്ട്. അപ്പോൾ അല്ലാഹു പറഞ്ഞ 'ഹുക്മ്' ഭൗതിക ഭരണമല്ലെന്ന് തീർച്ച' (പേജ്:100). അൽപംകൂടി മുന്നോട്ട് പോയി അദ്ദേഹം തുടരുന്നു: 'എന്നാൽ ഈ പരിശുദ്ധ വചനത്തെ വളച്ചൊടിച്ചത് നോക്കൂ! എന്തൊരൽഭുതം! പഞ്ചായത്ത് ഭരണം മുതൽ രാജ്യഭരണം വരെ ഇവിടെ മനുഷ്യരാണ് നടത്തുന്നത്. ഇവരിൽ ദൈവനിഷേധികളുണ്ട്. അതിന് യുക്തമായ ചില നിയമങ്ങൾ ഭരണാധികാരികൾ ഉണ്ടാക്കുന്നുമുണ്ട്. ഇത് മനുഷ്യൻ ചെയ്യുന്ന കാര്യമായിട്ടാണ് എല്ലാവരും കാണുന്നത്. അപ്പോൾ ഈ ഭരണനിയമങ്ങളെ പറ്റിയല്ല ഇവിടെ 'ഹുക്മ്' എന്ന് അല്ലാഹു പ്രയോഗിച്ചിട്ടുള്ളതെന്ന് വ്യക്തം (പേജ്:103).

സൂറഃ യൂസുഫ് 67-ാം സൂക്തത്തിലെ ഇനിൽ ഹുക്മു ഇല്ലാ ലില്ലാഹ് എന്ന ആയത്തിനെ സംബന്ധിച്ച് കെ.പി മുഹമ്മദ് മൗലവി: 'ഇവിടെയുള്ള വിധികർതൃത്വം മനുഷ്യപ്രവർത്തനങ്ങളിൽ അവൻ പാലിക്കേണ്ട വിധികളല്ല, മറിച്ച്, മനുഷ്യ ജീവിതപ്രശ്നങ്ങളിലെ ദൈവിക നിയന്ത്രണമെന്ന വിധിയാണ് ഇതെന്ന് സുവ്യക്തമാണല്ലോ... ഏറെക്കുറെ ഇതെ ആശയം തന്നെയാണ് അല്ലാഹുവിന് മാത്രമാണ് ഹുക്മ് എന്ന അർത്ഥത്തിൽ ഖുർആനിൽ വന്നിട്ടുള്ള പ്രയോഗങ്ങളെല്ലാം. അവയൊന്നും തന്നെ മനുഷ്യൻ അവന്റെ ഭൗതിക ജീവിത സൗകര്യങ്ങൾക്കായി ഉണ്ടാക്കുന്ന നിയമങ്ങളെ ബാധിക്കുന്നില്ല. മേൽ പറഞ്ഞ ആയത്തുകളിൽ ഒന്നും തന്നെ ഹുക്മ് എന്നതുകൊണ്ട് ഭരണവ്യവസ്ഥിതിയല്ല ഉദ്ദേശ്യമെന്ന് നാം കണ്ടു. അല്ലാഹുവിന്റേതല്ലാത്ത ആരുടേയും യാതൊരു നിയമവും സ്വീകരിക്കാൻ പാടില്ലെന്നോ അവയനുസരിച്ചാൽ ശിർക്കാണെന്നോ പറയുന്നത് അബദ്ധമാണെന്നും നാം മനസ്സിലാക്കി (ഇബാദത്തും ഇത്വാഅതും പേജ്:93,96).

കെ. ഉമർ മൗലവി പറയുന്നു: 'പക്ഷെ, മതം ഒരിക്കലും രാഷ്ട്രീയമല്ല, രാഷ്ട്രീയമൊരിക്കലും മതവുമല്ല' (സൽസബീർ, പു:7, ല: 1, പേ:27).

'ഗുണവിശേഷണങ്ങളിലെ ഏകത്വം എന്ന കാര്യം തൗഹീദിന്റെ അർഥത്തിൽ ഉൾപ്പെടുത്തിയത് ശരിയല്ല... അധികാരാവകാശങ്ങളിൽ അല്ലാഹുവിന്റെ ഏകത്വം എന്നതും തൗഹീദിൽ പ്രസക്തമല്ല' (സൽസബീൽ, 1996 ജൂലൈ 20 പേ:43).

'മതവിഷയങ്ങൾ പ്രധാനമായിരിക്കട്ടെ അപ്രധാനമായിരിക്കട്ടെ, അവയെല്ലാം വ്യക്തമായ നിർദ്ദേശം നൽകിയതിന് ശേഷം മാത്രമേ തിരുമേനി വിടപറഞ്ഞിട്ടുള്ളൂ. തൗഹീദിന്റെ വിശാലമായ അർഥകൽപനയിൽ ഭരണവും ഉൾപ്പെടുമായിരുന്നെങ്കിൽ തീർച്ചയായും അണുഅളവ് തെറ്റാതെ കണിശവും സുവ്യക്തവുമായ നിയമനിർദ്ദേശങ്ങൾ തിരുമേനി നൽകുമായിരുന്നു. പക്ഷേ ഭരണം ദുൻയാവിന്റെ കാര്യമായതിനാൽ അതതുകാലത്തെ ജനങ്ങൾ കൂടിയാലോചിച്ച് തീരുമാനിക്കട്ടെ. 'നിങ്ങളുടെ ലൗകിക കാര്യങ്ങളിൽ കൂടുതൽ അറിവുള്ളവർ നിങ്ങൾ തന്നെയാണെ'ന്ന തിരുവചനത്തിന്റെ താൽപര്യത്തോട് അനുരൂപമായിക്കൊണ്ടാണ് തിരുമേനി അതിനെ കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകാതിരുന്നത് (സൽസബീൽ:പു:2, ലക്കം:2, പേ:6).

'രാഷ്ട്രീയം ഭൗതിക നേട്ടത്തിനുള്ള പരിശ്രമവും മതം പരലോക വിജയത്തിനുള്ള അധ്വാനവുമാകുന്നു. അടിസ്ഥാനപരമായി തന്നെ മതവും രാഷ്ട്രീയവും ഇവിടെ വേർതിരിയുന്നു' (സൽസബീൽ, പുസ്തകം:7, ലക്കം:1).

'ജമാഅത്തെ ഇസ്‌ലാമിയുമായി ഞങ്ങൾക്കുള്ള കാര്യമായ എതിർപ്പ് അല്ലാഹുവല്ലാത്തവരെ നിരുപാധികം അനുസരിക്കൽ ശിർക്കാണെന്ന് അവർ വാദിക്കുന്നുണ്ട്. അത് ഇസ്‌ലാമിലുള്ളതല്ല. മൗദൂദി സാഹിബിന് മുമ്പ് മതരംഗത്ത് അങ്ങനെ ഒരു ശബ്ദം കേൾക്കപ്പെട്ടിട്ടില്ല എന്നാണ് ഞങ്ങൾ പറയുന്നത്' (സൽസബീൽ, പുസ്തകം:3, ലക്കം:3, പേജ്:40).

രാഷ്ട്രീയ രംഗത്ത് സ്വീകരിക്കേണ്ട സമീപനത്തെ കുറിച്ച ചോദ്യത്തിന് ഇതേ പണ്ഡിതൻ നൽകിയ മറുപടി ഇങ്ങനെ വായിക്കാം: 'യഥാർത്ഥ മുസ്‌ലിമായി ജീവിക്കാൻ രാഷ്ട്രീയ പാർട്ടികളെ അന്വേഷിക്കേണ്ട ആവശ്യമില്ല. അന്വേഷിച്ചാലൊക്കുകയുമില്ല. മതഗ്രന്ഥങ്ങൾ, സ്വർണാഭരണങ്ങൾ, സുഗന്ധദ്രവ്യങ്ങൾ മുതലായവ വാങ്ങാൻ ആരും മീൻ മാർക്കറ്റിൽ പോവുകയില്ലല്ലോ' (സൽസബീൽ: പു:2, ലക്കം:9, പേ: 32).

ശബാബ് വാരിക എഴുതുന്നു: 'രാഷ്ട്ര സംസ്ഥാപനം തൗഹീദിന്റെ പരിധിയിൽ പെടുകയില്ല എന്ന് മുജാഹിദ് പ്രസ്ഥാനം വാദിക്കുന്നു' (ശബാബ്, സെപ്തംബർ:19, 1986).

'പ്രപഞ്ചം നിലനിൽക്കുന്നിടത്തോളം കാലം ആ പ്രവിശാല രാഷ്ട്രത്തിന്റെ പരമാധികാരി അല്ലാഹു തന്നെയാണ്. അവിടെ ഭരണമാറ്റമില്ല. അതുകൊണ്ടുതന്നെ ഭരണ പ്രശ്നങ്ങളും ഉത്ഭവിക്കുന്നില്ല. അല്ലാഹു പ്രപഞ്ചത്തിന്റെ സ്രഷ്ടാവും സംരക്ഷകനും, താൻ സൃഷ്ടിയും ആയതുകൊണ്ട് അവന്റെ സൃഷ്ടികർതൃത്വം അംഗീകരിക്കുകയല്ല മനുഷ്യന്റെ ജോലി. അല്ലാഹുവിന്റെ വിധികർതൃത്വത്തിൽ വിശ്വസിക്കുവാനും അവന്റെ പരമാധികാരത്തിന് വിധേയമാകുവാനും അവന്റെ പരമാധികാര

വിഭാവനയിൽ ആരെയും പങ്കുചേർക്കാതിരിക്കുവാനുമല്ല മനുഷ്യനോട് അല്ലാഹു ആവശ്യപ്പെടുന്നത്' (ശബാബ്:1987, ജൂലൈ:3).

ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി എഴതുന്നു: 'അല്ലാഹുവിലും റസൂലിലും വിശ്വസിക്കാത്ത മുസ്‌ലിം നാമധാരികൾ ഒഴിച്ച് മറ്റു മുസ്‌ലിംകളാരും മനുഷ്യജീവിതത്തിൽ വിധിവിലക്കുകൾ നിശ്ചയിക്കാനുള്ള പരമാധികാരം ഭരണകൂടത്തിനുണ്ടെന്ന് വിശ്വസിക്കുന്നില്ല എന്നു വ്യക്തം. അതിനാൽ രാഷട്രീയമായ ശിർക്കിൽ നിന്ന് മുസ്‌ലിംകളെ മോചിപ്പിക്കുന്നതിന് ഒരു തീവ്രയത്നം സാധാരണ നിലയിൽ അനിവാര്യമാകുന്നില്ല (മതം, രാഷ്ട്രീയം, ഇസ്‌ലാഹീ പ്രസ്ഥാനം പേജ്:64).

'മതനിയമമല്ലാത്ത മറ്റു നിയമങ്ങൾ ഉണ്ടാക്കുമ്പോൾ ഈ പങ്കുചേർക്കൽ ഉണ്ടാകുന്നില്ല. ഗൃഹനായകൻ നിശ്ചയിക്കുന്ന ഗാർഹിക നിയമങ്ങളും രാഷ്ട്രീയമായി നിർമിക്കപ്പെടുന്ന ഭൗതിക നിയമങ്ങളും തഥൈവ... അന്താരാഷ്ട്ര നിയമങ്ങളും വ്യത്യസ്തമല്ല. ഇതെല്ലാം നിത്യജീവിത്തിൽ നാം കണ്ടുംകേട്ടും അനുഭവിച്ചറിഞ്ഞ കാര്യങ്ങളാണ്. ഇത്തരം നിയമങ്ങൾക്കൊന്നും ദൈവികമായി യാതൊരു പവിത്രതയും കൽപ്പിക്കപ്പെടുന്നില്ല. ഈ വിഭാഗത്തിൽ പെടുന്ന നിയമനിർമാതാവ് റബ്ബോ, ദൈവമോ ആ നിയമം അനുസരിക്കുന്നവൻ മുശ്‌രിക്കോ ആകുന്നില്ല. ഇതെല്ലാം മനുഷ്യർക്ക് ചെയ്യാനാവുന്നതും അല്ലാഹു അനുവദിച്ചതുമാകുന്നു. മതനിയമനിർമാണം അങ്ങനെയല്ല' (ഇബാദത്ത് വീക്ഷണങ്ങളുടെ താരതമ്യം: പേജ്:57).

എം.ഐ മുഹമ്മദലി സുല്ലമി എഴുതുന്നു: 'മതപരമായ കാര്യങ്ങളെല്ലാം തന്നെ നബി മുസ്‌ലിംകളെ പഠിപ്പിക്കുകയും അവ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അവയൊന്നും തന്നെ തീരുമാനിക്കാനുള്ള അവകാശം മനുഷ്യന്റെ യുക്തിക്കോ ബുദ്ധിക്കോ ഇസ്‌ലാം വിട്ടുകൊടുത്തിട്ടില്ല... എന്നാൽ രാഷ്ട്രീയം ഇസ്‌ലാം മനുഷ്യബുദ്ധിക്ക് വിട്ട് തന്നിരിക്കുന്നു. അതൊരു ദീൻ കാര്യമായിരുന്നെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നില്ല. രാഷ്ട്രീയത്തിലെ വളരെ പ്രധാനമായ ഭരണത്തിന്റെ സ്വഭാവം, തെരഞ്ഞെടുപ്പ് സമ്പ്രദായം എന്നിവയിൽ പോലും ഇസ്‌ലാമിന് സുവ്യക്തമായ നിർദ്ദേശങ്ങളില്ല. (ജമാഅത്തെ ഇസ്‌ലാമി പരിവർത്തനത്തിലൂടെ: പേ:69, 70).

പ്രമുഖ മുജാഹിദ് പണ്ഡിതനായ എൻ.വി മുഹമ്മദ് സക്കരിയ്യ അരീക്കോട് എഴുതുന്നു: 'ഇസ്‌ലാമിലെ തൗഹീദിന് രണ്ട് വശങ്ങളുണ്ട്. ഒന്ന് ആരാധ്യനായിരിക്കുക എന്നതിലെ അല്ലാഹുവിന്റെ ഏകത്വം. ഇതിനെ തൗഹീദുൽ ഇബാദത് അഥവാ തൗഹീദുൽ ഉലൂഹിയ്യ എന്ന് പറയുന്നു. ഈ തൗഹീദാണ് ലാഇലാഹ ഇല്ലല്ലാഹ് എന്ന സാക്ഷ്യവാക്യത്തിന്റെ പൊരുൾ. ഈ രംഗത്തെ ശിർക്കിനെ ഇബാദത്തിലെ ശിർക്ക് എന്ന് പറയുന്നു. രണ്ട്: രക്ഷാകർതൃത്വത്തിലെ അല്ലാഹുവിന്റെ ഏകത്വം. ഇതിന് തൗഹീദുൽ റുബൂബിയ്യ എന്ന് പറയുന്നു. ഗുണവിശേഷണങ്ങളിലെ ഏകത്വം (തൗഹീദുൽ അസ്മാഉ വസ്സിഫാത്), സൃഷ്ടിപ്പ് (ഖൽഖ്), നിയമനിർമാണം (തശ്‌രീഅ്) തുടങ്ങി ഉലൂഹിയ്യത്തിൽ ഉൾപ്പെടാത്ത കാര്യങ്ങളാണ് റുബൂബിയ്യത്തിലെ തൗഹീദ് കൊണ്ടുദ്ദേശിക്കുന്നത്' (നോക്കുക: ഫെയ്സ് റ്റു ഫെയ്സ് മുജാഹിദ്-ജമാഅത്ത് സംവാദം, പേ:81, ഇൻസാഫ് പബ്ലിഷേഴ്സ്, അരീക്കോട്).

എന്താണിതിൽ നിന്നൊക്കെ മനസ്സിലാക്കാവുന്നത്? അല്ലാഹുവിന്റെ നിയമനിർമാണാധികാരം മതപരമായ മേഖലയിലാണെന്നും അത് മറ്റുള്ളവർക്ക് അംഗീകരിക്കുന്നതേ ശിർക്കാവൂ എന്നും രാഷ്ട്രീയ മേഖല അതിന്ന് വിധേയമല്ലാത്തതും മനുഷ്യർക്ക് ഇഷ്ടം പോലെ കൈകാര്യം ചെയ്യാവുന്നവിധം ഇസ്‌ലാം മനുഷ്യബുദ്ധിക്ക് വിട്ടുതന്നതുമാണ് എന്നല്ലേ? എങ്കിലും, അപാരമായ ചർമസൗഭാഗ്യം കൊണ്ടായിരിക്കാം, മുജാഹിദുകളിൽ ചിലർ ഇടക്കിടെ പറഞ്ഞുകൊണ്ടിരിക്കും: 'സലഫികൾ രാഷ്ട്രീയവും സാമ്പത്തികവുമുൾപ്പെടെ യാതൊരു മേഖലയും ദൈവിക നിയമങ്ങൾക്കതീതമായി ഗണിച്ചിട്ടില്ല' (എ.എച്ച്, ശബാബ്: 1996 ജൂൺ:28) എന്ന്! കാര്യങ്ങൾ അട്ടിമറിക്കാനും മുമ്പ് പറഞ്ഞതിനെ നിഷേധിക്കാനുമുള്ള ഈ അപാരമായ കഴിവുതന്നെയാണ് മുജാഹിദുകളുടെ നിലനിൽപ്പിന്നാധാരം. ഇവിടെ 'സലഫികൾ' എന്ന് പറഞ്ഞത് ലോക സലഫികളെ കുറിച്ചാണെങ്കിൽ അതു ശരിയാണ്. കേരളത്തിലെ മുജാഹികുളെ ഉദ്ദേശിച്ചാണെങ്കിൽ ശുദ്ധ വ്യാജമാണതെന്നതിന് ഇനിയും തെളിവുകൾ ആവശ്യമുണ്ടോ? വേണമെങ്കിൽ ഏതാനും ഉദാഹരണങ്ങൾ കൂടി കാണുക:

എം.ഐ തങ്ങൾ: മുസ്‌ലിംകൾ ഭൂരിപക്ഷവും അമുസ്‌ലിംകൾ ന്യൂനപക്ഷവുമായ ഒരു രാജ്യത്തും, മുസ്‌ലിംകൾ ന്യൂനപക്ഷവും അമുസ്‌ലിംകൾ ഭൂരിപക്ഷവുമായ ഒരു രാജ്യത്തും രണ്ടിലും സെക്യുലർ ഭരണ രീതി സ്വീകരിക്കുന്നതിനെ പറ്റി എന്തുപറയുന്നു' എന്ന ചോദ്യത്തിന്, ജമാഅത്തെ ഇസ്‌ലാമികക്കെതിരെ സ്ഥിരമായി എഴുന്നള്ളാറുള്ള മുജാഹിദ്/ലീഗ് നേതാവ് എം.ഐ തങ്ങൾ നൽകിയ മറുപടി കാണുക: ഇരട്ടത്താപ്പ് മാന്യമായ ഒരു നിലപാടല്ല. ഒരു പ്രശ്നത്തിനും ഇത് പരിഹരവുമല്ല. ഭൂരിപക്ഷമായിടത്ത് മുസ്‌ലിംകൾ അംഗീകരിക്കുന്ന ഒരു നിലപാട് മാത്രമേ, ന്യൂനപക്ഷമാകുന്നിടത്തും സ്വീകരിക്കാവൂ. അല്ലെങ്കിൽ അവസരവാദികളുടെ മതം എന്ന ചീത്തപ്പേര് ഇസ്‌ലാമിന് വാങ്ങിക്കൊടുക്കലാകുമത് (ബഹുമത സമൂഹത്തിലെ മുസ്‌ലിം, പ്രസാധനം: യുവത ബുക്ക് ഹൗസ്, പേജ്:29).

സി.ടി അബ്ദുർറഹീം: മുസ്‌ലിംകൾ ന്യൂനപക്ഷമായേടങ്ങളിൽ സെക്യുലറിസമാണ് വേണ്ടതെന്നും അവർ ഭൂരിപക്ഷമായാൽ സെക്യുലരിസം പാടില്ലെന്നുമുള്ള വാദം വർഗീയവും പക്ഷപാതപരവുമാണ്. അതിന് ഇസ്‌ലാമിന്റെ പിൻബലം അവകാശപ്പെടുന്നത് വക്രത മാത്രമാകുന്നു.

'ഇസ്‌ലാമിക ഭരണം എന്ന സങ്കൽപത്തിന്റെ ദാർശനികതയും പ്രായോഗികതയും താങ്കളുടെ കാഴ്ചപ്പാടിൽ എങ്ങനെ' എന്ന ചോദ്യത്തിന് മറുപടിയായി അദ്ദേഹം എഴുതുന്നു: ആധുനിക ബഹുമത രാഷ്ട്ര സംവിധാനത്തിൽ മതരാഷ്ട്രവാദം ആരോഗ്യകരമല്ല. അത് വർഗീയതയിലേക്കും കലാപങ്ങളിലേക്കും

അങ്ങനെ രാഷ്ട്രത്തിന്റെ തന്നെ തകർച്ചയിലേക്കുമാണ് നയിക്കുക. (അതേ പുസ്തകം, പേജ്:24).

പി. മുഹമ്മദ് കുട്ടശ്ശേരി: ഇസ്‌ലാമിക ഭരണം എന്ന പ്രയോഗം അവ്യക്തത നിറഞ്ഞതും ഓരോ വിഭാഗത്തിന്റെയും താൽപര്യങ്ങൾക്കനുസരിച്ചുള്ള വ്യാഖ്യാനത്തിന് വിധേയമവുമായ പ്രയോഗമാണ്. വിശുദ്ധ ഖുർആനിൽ ഹുക്മ്, ഹകമ എന്നീ പദങ്ങളുണ്ടെങ്കിലും ഭരണം എന്ന ഇന്നത്തെ സാങ്കേതികാർഥത്തിന് അത് ഉപയോഗിക്കപ്പെട്ടിട്ടില്ല. മുഹമ്മദ് നബി വന്നത് ഒരിസ്‌ലാമിക ഭരണം സ്ഥാപിക്കാനല്ല. മദീന ഒരു രാഷ്ട്രവും നബി അതിന്റെ തലവനുമായിരുന്നില്ല. രാഷ്ട്രത്തലവൻ എന്ന നിലക്കല്ല നബിയെ അനുസരിക്കാൻ മുസ്‌ലിംകൾ ആജ്ഞാപിക്കപ്പെട്ടത് (ബഹുമത സമൂഹത്തിലെ മുസ്‌ലിം, പേജ്:10).

(അമുസ്‌ലിം ന്യൂനപക്ഷത്തിന് പൂർണ സംരക്ഷണവും അവസര സമത്വവും മതസ്വാതന്ത്ര്യവും വാഗ്ദത്തം ചെയ്യുന്ന ഇസ്‌ലാമിക ഭരണത്തെ കുറിച്ച് വികലമായ ഇത്തരം വീക്ഷണങ്ങൾ വെച്ചുപുലർത്തുന്ന മുജാഹിദ് മൗലവിമാർ, രാജ്യത്ത് നിലവിലുള്ളതും മതേതര-ഭൗതിക പ്രത്യയശാസ്ത്രങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതുമായ രാഷ്ട്രീയ പാർട്ടികളിൽ ചേർന്ന് പ്രവർത്തിക്കാൻ അനുയായികളോട് ആഹ്വാനം ചെയ്യുന്നതാണ് മേലുദ്ധരിച്ച പുസ്തകത്തിൽ തുടർന്ന് കാണുന്നത്. 13,26,32,37 പേജുകൾ നോക്കുക).

ഇസ്‌ലാമിക രാഷ്ട്രീയത്തെയും അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെയും നിഷേധിക്കും വിധം തങ്ങളുടെ നേതാക്കന്മാർ ഇത്രയൊക്കെ എഴുതിവിട്ടിട്ടും ചില മുജാഹിദ് സുഹൃത്തുക്കൾ ജമാഅത്തെ ഇസ്‌ലാമിക്കെതിരെ ഉന്നയിക്കുന്ന 'ഉത്തരം മുട്ടിക്കുന്ന' ചില ചോദ്യങ്ങൾ കാണുക: 'ജമാഅത്തെ ഇസ്‌ലാമിയും കാന്തപുരം സുന്നികളും മുജാഹിദുകളുടെ രാഷ്ട്രീയവും' എന്ന ലേഖനത്തിൽ 2009 ഫെബ്രുവരിയിലെ അൽ ഇസ്‌ലാഹ് മാസികയിൽ എം.പി.എ ഖാദിർ കരുവമ്പൊയിൽ എഴുതുന്നു: 'കാന്തപുരം സുന്നികളോടും ജമാഅത്തെ ഇസ്‌ലാമിക്കാരോടും വിനയത്തിന്റെ ഭാഷയിൽ ചോദിക്കട്ടെ, 1) ഇസ്‌ലാമിൽ രാഷ്ട്രീയമേ ഇല്ലെന്ന് മുജാഹിദുകൾ എവിടെയാണ് എഴുതുകയും പറയുകയും പ്രചരിപ്പിക്കുകയും ചെയ്തത്? സാമ്പിളിന് ഒന്നെങ്കിലും സലക്ഷ്യം ഉദ്ധരിക്കൂ. സാധ്യമല്ലെങ്കിൽ ഇനിയെങ്കിലും ഈ നുണ പിൻവലിക്കൂ. 2) രാഷ്ട്രീയത്തിലാകുമ്പോൾ എന്തുമാകാമെന്ന് മുജാഹിദുകൾ എവിടെയാണ് എഴുതുകയും പറയുകയും ചെയ്തത്? എങ്കിൽ സലക്ഷ്യം അവയൊന്ന് ഉദ്ധരിക്കൂ' (പേജ്:4).

ചർമസൗഭാഗ്യത്തിന്റെ പാരമ്യം എന്നല്ലാതെ ഇതേക്കുറിച്ച് എന്തുപറയാൻ? നേരത്തെ ഉദ്ധരിച്ച മുജാഹിദ് മൗലവിമാരുടെ വാചകങ്ങളൊക്കെ ഇസ്‌ലാമിൽ രാഷ്ട്രീയമുണ്ടെന്നും അവിടെ അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ കണിശമായി പാലിക്കേണ്ടതുണ്ടെന്നുമാണോ തെളിയിക്കുന്നത്? അതോ രാഷ്ട്രീയമെന്നത് മനുഷ്യർക്ക് ഇഷ്ടംപോലെ കൈകാര്യം ചെയ്യാവുന്നതും 'നിങ്ങൾക്കാണ് കൂടുതലറിയുക' എന്നുപറഞ്ഞ് ഇസ്‌ലാം അവർക്ക് വിട്ടുകൊടുത്തതുമായ ഭൗതിക കാര്യമാണെന്നോ? മതനേതാക്കളോ രാഷ്ട്രീയ തമ്പുരാക്കന്മാരോ ആരാകട്ടെ, അവരെയൊന്നും നിരുപാധികം അനുസരിക്കാവതല്ല; അനുസരിച്ചാൽ അത് ശിർക്കാണ് എന്ന് ജമാഅത്തെ ഇസ്‌ലാമി പറഞ്ഞതാണ് മുജാഹിദുകൾക്ക് അവരോട് ഇത്രയും എതിർപ്പുണ്ടാകാൻ കാരണമെന്നല്ലേ ഉമർ മൗലവി എഴുതിവിട്ടത്? 'രാഷ്ട്രീയത്തിലായാൽ എന്തുമാകാം, ആരെയും എങ്ങനെയും അനുസരിക്കാം' എന്നല്ലാതെ മറ്റെന്താണ് ഇതിന്നർത്ഥം? 'രാഷ്ട്രീയത്തിൽ എന്തുമാകാമെന്ന ധാരണയല്ല മുജാഹിദുകൾക്കുള്ളതെ'ങ്കിൽ പിന്നെ എങ്ങനെയാണ് നിലവിലെ രാഷ്ട്രീയ സംഘടനകളിൽ മാർക്സിസ്റ്റ് പാർട്ടിയിലുൾപ്പെടെ നൂറുകണക്കിന് മുജാഹിദ് പ്രവർത്തകർ ചേക്കേറിയിരിക്കുന്നത്? 'മുജാഹിദുകൾക്ക് നിലവിലുള്ള ഏത് രാഷ്ട്രീയ പാർട്ടികളിലും ചേർന്ന് പ്രവർത്തിക്കാമെന്നും അതൊന്നും തൗഹീദിന്ന് വിരുദ്ധമല്ലെ'ന്നും തുറന്നെഴുതിയത് 'വിചിന്തന'മല്ലേ? (2009 ഫെബ്രുവരി 6) കോഴിക്കോട് മുതലക്കുളത്തുവെച്ച് കെ.എൻ.എം പ്രസിഡണ്ട് ഇതേകാര്യം ആവർത്തിച്ചു പറഞ്ഞത് മുജാഹിദുകൾക്ക് ബാധകമല്ലെന്നാണോ? അതോ മാർക്സിസ്റ്റ് പാർട്ടിയിലുൾപ്പെടെ ഏത് മതേതര-ഭൗതിക സംഘടനകളിൽ ചേർന്ന് പ്രവർത്തിച്ചാലും അതൊന്നും 'രാഷ്ട്രീയ രംഗത്ത് എന്തുമാകാം' എന്നതിൽ പെടുകയില്ല എന്നാണോ മുജാഹിദ് വാദം? എങ്കിൽ അതേകുറിച്ച് 'വൈരുദ്ധ്യാധിഷ്ഠിത മുജാഹിദ് രാഷ്ട്രീയവാദം' എന്നല്ലാതെ മറ്റെന്തുപറയാൻ?

ഇസ്‌ലാമിക രാഷ്ട്രീയത്തെയും രാഷ്ട്രീയ രംഗത്തെ അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെയും പച്ചയായി നിഷേധിക്കുന്ന ഏതാനും ഉദാഹരണങ്ങൾ കൂടി കാണുക:

'ഇസ്‌ലാമിക് ഫണ്ടമെന്റലിസം: സത്യവും മിഥ്യയും' എന്ന തലക്കെട്ടിൽ 1996 ജൂലൈ 13 ലെ ചന്ദ്രിക ആഴ്ചപ്പതിപ്പിൽ (ലക്കം:47) മുഹമ്മദ് ഈസാ എഴുതുന്നു: 'ഇസ്‌ലാം വിഭാവനം ചെയ്യുന്ന രാഷ്ട്രീയ വ്യവസ്ഥിതി ഡെമോക്രസിയാണെന്ന് മൗദൂദി പറയുമ്പോൾ അദ്ദേഹത്തിന്റെ സങ്കൽപത്തിലുള്ളത് ഇസ്‌ലാം മത പ്രവാചകന്റെ കാലത്തെ മദീനാ ഭരണവ്യവസ്ഥയാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. 1400 വർഷങ്ങൾക്ക് മുമ്പ് നിലനിന്നിരുന്ന ഒരു ഭരണ വ്യവസ്ഥയുടെ മാതൃകയിൽ ആധുനിക കാലത്ത് ഒരു രാഷ്ട്ര സംവിധാനം അസാധ്യമാണെന്ന വസ്തുത നാം കണ്ടുകഴിഞ്ഞതാണ്...

ഭരണ ഘടന പ്രകാരം പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഒരു രാജ്യത്ത് നിവസിക്കുന്ന മുസ്‌ലിംകൾ മൗദൂദിയുടെ പരമാധികാരം സംബന്ധിച്ച വ്യാഖ്യാനം വിശ്വാസപ്രമാണമായി സ്വീകരിച്ചാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്തായിരിക്കുമെന്ന് ചിന്തിച്ചു നോക്കുന്നത് രസകരമായിരിക്കും. മനുഷ്യനിർമിതമായ ആ രാജ്യത്തെ ഭരണഘടനക്കും ജനങ്ങളുടെ പരമാധികാരത്തിനും നിരുപാധികമായ സമ്മതവും അംഗീകാരവും നൽകുവാൻ ഇതര പൗരന്മാരോടൊപ്പം മുസ്‌ലിംകളും ബാധ്യസ്ഥരാണ്. എന്നാൽ മൗദൂദിയുടെ വ്യാഖ്യാനത്തിൽ ഒരാൾ അല്ലാഹുവിന്റെ കൽപനയുടെ

അവലംഭമില്ലാതെ മറ്റാരുടെയെങ്കിലും കൽപന നിർബ ന്ധമായും അനുസരിക്കേണ്ടതാണെന്ന് വിശ്വസിക്കുന്നു വെങ്കിൽ അല്ലാഹുവല്ലാത്തവരെ വിളിച്ചുപ്രാർത്ഥിക്കുന്ന വർ ചെയ്യുന്ന ശിർക്ക് പോലെ തന്നെയുള്ള ശിർക്കാണ് അദ്ദേഹം ചെയ്യുന്നത്' (ജമാഅത്തെ ഇസ്‌ലാമിക്കാർ സുന്നത്ത് നിഷേധികളും ഇസ്‌ലാമിക വിരുദ്ധരുമാണെന്ന് സ്ഥാപിക്കാനായി 'അണിയറക്കുപിന്നിലെ ജമാഅത്തെ ഇസ്‌ലാമി' എന്ന ഗ്രന്ഥമെഴുതിയ 'ഖുർആനും സുന്നത്തും പിൻപറ്റുന്ന' 'അഹ്‌ലുസ്സുന്നത്തിന്റെ ധീരനായ പോരാളി'യാണ് ലേഖകൻ എന്നുകൂടി ഓർക്കുന്നത് രസ കരമായിരിക്കും).

അല്ലാഹുവിന് പുറമെ മറ്റാരെയും നിരുപാധികം അനുസരിക്കരുതെന്ന് പറഞ്ഞതാണ് ജമാഅത്തുമായി മുജാഹിദുകൾക്കുള്ള കാര്യമായ അഭിപ്രായ വ്യത്യാസമെന്നും നിയമനിർമാണത്തിനുള്ള പരമാധികാരം അല്ലാഹുവിന് മാത്രമാണെന്ന് പറയുന്നത് രാഷ്ട്രീയ-ഭ രണ മേഖലകളിലല്ല, മതപരമായ മേഖലയിൽ മാത്രമാ ണെന്നും അല്ലാഹു സ്രഷ്ടാവും താൻ സൃഷ്ടിയുമായ തുകൊണ്ട് അല്ലാഹുവിന്റെ പരമാധികാരം അംഗീകരി ക്കാനല്ല മനുഷ്യർ കൽപിക്കപ്പെട്ടിരിക്കുന്നത് എന്നും മറ്റും സ്വന്തം നേതാക്കന്മാർ ആവർത്തിച്ചെഴുതിയിട്ടും മനുഷ്യ നിർമിതമായ നിയമങ്ങൾക്കും ഭരണകൂടങ്ങൾക്കും നിരു പാധികമായ സമ്മതവും അംഗീകാരവും നൽകാൻ മുസ്‌ലിംകളെല്ലാം ബാധ്യസ്ഥരാണെന്ന് ജമാഅത്ത് വിമർശനത്തിലെ തങ്ങളുടെ സഹയാത്രികനും മുസ്‌ലിം സാമുദായിക സംഘടനയുടെ എഴുത്തുകാരനുമായ മാന്യ ദേഹം തുറന്നുപറഞ്ഞിട്ടും അതൊന്നും പരിഗണിക്കാതെ മുജാഹിദ് പണ്ഡിതൻ എൻ.വി സക്കരിയ്യ എഴുതുന്നത് കാണുക: സലഫികൾക്കെന്നല്ല, മുസ്‌ലിംകൾക്കെല്ലാം പരമമായ ശക്തി അല്ലാഹുവാണ്. അവൻ ഉപാധിയില്ലാ ത്തവനും സമ്പൂർണനുമാണ്. അവനപ്പുറമുള്ള മറ്റൊരു ശക്തിയേയും മുസ്‌ലിംകൾ അംഗീകരിക്കുന്നില്ല. പരിഗ ണിക്കുന്നില്ല. അതിനവർ തയ്യാറുമല്ല. ഈ സമ്പൂർണ അനുസരണം അല്ലാഹുവിനാകണം എന്നതാണോ മുജാ ഹിദുകളും ജമാഅത്തും തമ്മിലുള്ള തർക്കം? ലോകത്ത് ഏതെങ്കിലും മുസ്‌ലിം സ്വന്തം ഗവൺമെന്റിനെ ഇത്തര മൊരു ശക്തിയായി കണക്കാക്കുന്നുണ്ടോ? പിശാചിനെ കണക്കാക്കുന്നുണ്ടോ? ഇല്ലെങ്കിൽ മുസ്‌ലിംകളോടെന്തി നാണ് പരമമായ അനുസരണം അല്ലാഹുവിനാകണം എന്ന് പറയുന്നത്? മർഹൂം കെ.സി പറഞ്ഞതുപോലെ പരമമായ അനുസരണവും അടിമത്തവും പടച്ചതമ്പുരാ നല്ലാതെ ആർക്കെങ്കിലും അവകാശപ്പെട്ടതാണെന്ന് ഏതെങ്കിലും ദൈവവിശ്വാസി കരുതുന്നുണ്ടോ? ഉണ്ടെ ങ്കിൽ ആര് ആരെ പറ്റിയാണെന്ന് വ്യക്തമാക്കണം. ഇല്ലെ ങ്കിൽ നിരീശ്വരവാദികളല്ലാത്ത മുസ്‌ലിംകളുടെ മുമ്പിലെ ങ്കിലും ഈ പരമത്തിന്റെയും പരമാധികാരത്തിന്റെയും സോപ്പുകുമിളകളുമായി പ്രത്യക്ഷപ്പെടാതിരുന്നുകൂടേ? (ഫെയ്സ് റ്റു ഫെയ്സ്, പേജ്:121,122).

മുകളിലുദ്ധരിച്ച, മുജാഹിദ്-മതേതര മുസ്‌ലിം ബുദ്ധിജീവികളുടെ വാചകങ്ങളുടെ നേരെ ഇരുകണ്ണു കളും മുറുക്കിച്ചിമ്മിക്കൊണ്ടുള്ള മുജാഹിദ് മൗലവിയുടെ ചോദ്യം ഉഗ്രനായിട്ടുണ്ട്, അല്ല അത്യുഗ്രനായിട്ടുണ്ട് അല്ലേ? രാഷ്ട്രീയ-ഭരണ രംഗങ്ങളിലെ അല്ലാഹുവിന്റെ ഹാകിമിയ്യത്തിനെ നിഷേധിക്കാൻ ഇറങ്ങിപ്പുറപ്പെട്ടവർക്ക ല്ലാതെ, സ്ഥല-കാല ബോധമുള്ള, മനുഷ്യകുലമൊന്ന ടങ്കം അവരുടെ ജീവിതത്തിലുടനീളം അല്ലാഹുവിനെ പര മാധികാരിയായംഗീകരിക്കണം എന്നാഗ്രഹിക്കുന്ന ഒരു മുവഹ്ഹിദിന് ഉന്നയിക്കാൻ കഴിയുന്നതാണോ ഇത്തരം ചോദ്യങ്ങൾ? രാഷ്ട്രീയ-ഭരണ മേഖലകളിലെ നിയമ നിർമാണത്തിന്റെ പരമാധികാരം അല്ലാഹുവിന് മാത്രമാ ണെന്ന തൗഹീദിന്റെ മർമപ്രധാനമായ ഒരു വശം പാടെ നിരാകരിച്ച മേഡേണിസ്റ്റ്-സെക്യുലരിസ്റ്റ് മുസ്‌ലിംക ളെയും ഭൗതിക വാദികളെയും സമാന മനസ്കരെയും നേരിടാൻ ജമാഅത്തെ ഇസ്‌ലാമി ഒരുക്കിയ സുശക്ത മായ കെണിയിൽ കേരളത്തിലെ നദ്‌വത്തുൽ മുജാഹി ദീനും ചാടിവീണിട്ടുണ്ടെന്നതിനും അത്തരക്കാരെ പോലും ന്യായീകരിക്കുന്ന നാണമില്ലാത്ത നിലപാടാണ് ഹാക്കിമിയ്യത്തിന്റെ വിഷയത്തിൽ മുജാഹിദുകൾക്കുള്ളത് എന്നതിനും ഇതിൽ പരം തെളിവെന്തുവേണം?

ഇനി, മുജാഹിദ് സുഹൃത്തുക്കൾ തങ്ങളുടെ മുഖ പത്രങ്ങളിൽ ഇടക്കിടെ ഉദാരമായി പേജുകൾ അനുവ ദിച്ച് ജമാഅത്തിനെതിരെ എഴുന്നള്ളിക്കാറുള്ള ഏതാനും 'മതേതര മുസ്‌ലിം ബുദ്ധിജീവികൾ' പറയുന്നത് കൂടി കാണുക:

1998 ജൂൺ 14 ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എം.എൻ കാരശ്ശേരി അസ്ഗറലി എഞ്ചിനീയറുമായി നട ത്തിയ മുഖാമുഖം പരിപാടിയിൽ പറയുന്നു: 'മൗദൂദിയുടെ ഇസ്‌ലാമിക രാഷ്ട്രം (ജിന്നയുടെ മുസ്‌ലിം രാഷ്ട്രത്തിൽ നിന്ന്) തീർത്തും വ്യത്യസ്തമാണ്. അവിടെ ഡെമോക്ര സിയില്ല. പൗര സ്വാതന്ത്ര്യമില്ല. ജനങ്ങൾക്ക് നിയമനിർമാ ണത്തിന് അവകാശമോ അധികാരമോ ഇല്ല. ദൈവ ത്തിന്റെ നിയമം പുലരുന്ന ഒരു രാഷ്ട്രമാണത്. ശരീഅ ത്തിന് വിധേയമായ ഭരണം മാത്രം. ഇതിനെ അദ്ദേഹം 'തിയോ ഡെമോക്രസി' എന്ന് വിളിച്ചു. ഇത് ഇസ്‌ലാമിന്റെ ദുർവ്യാഖ്യാനമാണ്. ഇന്ത്യക്കും ഇസ്‌ലാമിനും നിരക്കാത്ത സിദ്ധാന്തം'.

'മതമൗലികത അകവും പുറവും' എന്ന ഡോ. എം.എം അബ്രഹാം എഴുതിയ ഗ്രന്ഥത്തിന് എം.എൻ കാരശ്ശേരി 2008 ഏപ്രിൽ ലക്കം കറന്റ് ബുക്സ് ബുള്ള റ്റിനിൽ എഴുതിയ നിരൂപണത്തിൽ 'മുഹമ്മദ് നബി ഒരു മാതൃകാ ഇസ്‌ലാമിക സ്റ്റേറ്റ് ആദ്യമായി മദീനയിൽ സ്ഥാപിച്ചു' എന്ന ഗ്രന്ഥ കർത്താവിന്റെ പരാമർശത്തെ നിരൂപിച്ചത് ഇങ്ങനെയാണ്: 'നബി മദീനയിൽ സ്ഥാപി ച്ചത് ഇസ്‌ലാമിക സ്റ്റേറ്റാണ് എന്നുപറയാൻ യുക്തിയൊ ന്നുമില്ല. മുസ്‌ലിംകളുടെ വേദഗ്രന്ഥമായ ഖുർആനിലോ അവരുടെ പ്രവാചകന്റെ വചനങ്ങളായ ഹദീസിലോ ഇസ്‌ലാമിക സ്റ്റേറ്റ് എന്ന ഒരു പദമോ സങ്കൽപമോ ഇല്ല. ഇസ്‌ലാം തന്നെ ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രമാണ് എന്നുവ്യാഖ്യാനിച്ച ചിലർ പിൽക്കാലത്തുണ്ടാക്കിയ സങ്കൽപമാണത്'.

ഹമീദ് ചേന്ദമംഗല്ലൂർ: 'രാഷ്ട്രീയ ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിയെ ആശ

യപരമായി നേരിടുന്നവർ കാൽപനികമായ (ഇസ്‌ലാമിന്റെ) സമ്പൂർണതാവാദം തള്ളിക്കളഞ്ഞേ മതിയാകൂ. തെളിവുകളുടെ ബലത്തിൽ തന്നെ അവർക്കത് ചെയ്യാവുന്നതാണ്. ഇസ്‌ലാമിന്റെ ആധാര രേഖയായ ഖുർആൻ 'ഇസ്‌ലാമിക രാഷ്ട്ര'ത്തെ കുറിച്ച് സംസാരിക്കുന്നേയില്ല. അതിനർഥം 'ഇസ്‌ലാമിക രാഷ്ട്രം' എന്ന പരികൽപന ഒരു പിൽകാല സൃഷ്ടിയാണെന്നാണ്' (മതങ്ങളുടെ രാഷ്ട്രീയക്കളി, മാതൃഭൂമി ആഴ്ചപ്പതിപ്പ്:8639).

കേരളത്തിലെ മുസ്‌ലിം മത/രാഷ്ട്രീയ സംഘടനകളും മുസ്‌ലിം നാമധാരികളും ബുദ്ധിജീവികളും പാശ്ചാത്യ സാമ്രാജ്യത്വ ശക്തികളുടെ കൈയ്യിലെ പാവകളായി മാറിയിട്ടുണ്ടെന്നതിന് ഇതിൽപരം തെളിവെന്തുവേണം? മുജാഹിദ്/ലീഗ് വീക്ഷണ പ്രകാരം നേരത്തെ നാം എടുത്ത് പറഞ്ഞ സകല സെക്യുലരിസ്റ്റുകളും ഇസ്‌ലാമിന്റെ ബദ്ധവൈരികളും മാത്രമല്ല, മക്കാമുശ്‌രിക്കുകളും ഇന്നത്തെ സകല ബഹുദൈവ വിശ്വാസികളുമടക്കം ദൈവവിശ്വാസികളായ മുഴുവൻ മനുഷ്യരും അംഗീകരിക്കുന്നതും ഒരു കാലത്തും തർക്ക വിഷയമായിട്ടില്ലാത്തതുമായ കാര്യമാണ് ഹാക്കിമിയ്യത്ത്. മനുഷ്യനിർമിത വ്യവസ്ഥകൾക്ക് നിരുപാധികമായ സമ്മതവും അംഗീകാരവും നൽകുന്നതുപോലും അത് തൗഹീദിനോ ഹാകിമിയ്യത്തിനോ വിരുദ്ധമാകുന്നില്ല! ഇസ്‌ലാമിക ശരീഅത്തിനെ അടിസ്ഥാനമാക്കിയുള്ള രാഷ്ട്ര സംവിധാനം ആധുനിക കാലത്ത് തീർത്തും അസാധ്യമാണ്! ഇതേ സമയം നേരത്തെ നാം ഉദ്ധരിച്ചവരും അല്ലാത്തവരുമായ തലയെടുപ്പുള്ള സലഫി പണ്ഡിതന്മാരുടെ സുചിന്തിതമായ അഭിപ്രായമനുസരിച്ച് ഹാക്കിമിയ്യത്തിലുള്ള കൈകടത്തലുകൾ ലോകത്ത് എന്നും സംഭവിച്ചിട്ടുള്ളതും ഉസ്മാനിയാ ഖിലാഫത്തിന്റെ തകർച്ചയോടെ മുസ്‌ലിം ലോകത്ത് വ്യാപകമായി നടന്നിട്ടുള്ളതും ഇന്നും നിലനിൽക്കുന്നതും നീണ്ട യത്നത്തിലൂടെയല്ലാതെ മാറ്റിയെടുക്കാൻ കഴിയാത്തതുമായ ഗുരുതരമായ അപചയമാണ്; ഇസ്‌ലാമിക നിയമങ്ങൾ ആധുനിക കാലഘട്ടത്തിന് ഫിറ്റല്ലെന്ന് പറയുന്നത് വ്യക്തമായ കുഫ്റാണ്. വിഗ്രങ്ങളെ ആരാധിക്കുന്നതും ദൈവേതര വ്യവസ്ഥകളെ പിന്തുടരുന്നതും തുല്യമാണ്. ഇതുവരെയുദ്ധരിച്ച പണ്ഡിത വചനങ്ങളിൽ നിന്നും മനസ്സിലാകുന്നതനുസരിച്ച് മുജാഹിദുകളുടേയും സലഫികളുടേയും ഹാകിമിയ്യത്ത് സംബന്ധമായ വീക്ഷണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

### മുജാഹിദ് വീക്ഷണം

* അധികാരാവാകാശങ്ങളിൽ അല്ലാഹുവിന്റെ ഏകത്വം എന്നത് തൗഹീദിൽ പ്രസക്തമല്ല.

* ലോകത്തിന്റെ മുഴുവൻ ഭരണാധികാരവും നിയന്ത്രണാവകാശവും അല്ലാഹുവിനു മാത്രമാണെന്നാണ് ദൈവിക ഭരണം(അൽ ഹുകൂമത്തുൽ ഇലാഹിയ്യഃ) എന്നത് കൊണ്ടുദ്ദേശ്യം. മനുഷ്യ ജീവിതവുമായോ, രാഷ്ട്രീയവുമായോ അതിന് ബന്ധമില്ല. ഉണ്ടെന്ന് വാദിക്കുന്നവർ അധികാരമോഹമുള്ളവരാണ്.

* മതനിയമമല്ലാത്ത മറ്റു നിയമങ്ങൾ ഉണ്ടാക്കുമ്പോൾ ശിർക്ക് സംഭവിക്കുന്നില്ല. ഈ വിഭാഗത്തിൽ പെടുന്ന നിയമനിർമാതാവ് റബ്ബോ,ദൈവമോ ആ നിയമം അനുസരിക്കുന്നവൻ മുശ്‌രിക്കോ ആകുന്നില്ല.

* അനുസരണ ശിർക്ക് എന്ന ഒരിനം ശിർക്കില്ല.

* ഭരണവും രാഷ്ട്രീയവും തൗഹീദിന്റെ വിശാലമായ അർത്ഥത്തിൽ പോലും വരുന്നില്ല. തികച്ചും ഭൗതികമായ അത്തരം കാര്യങ്ങൾ ഇസ്‌ലാം മനുഷ്യബുദ്ധിക്ക് വിട്ട് തന്നതും അതതുകാലത്തെ ജനങ്ങൾ കൂടിയാലോചിച്ച് തീരുമാനിക്കേണ്ടതുമാണ്. സ്വർണം വാങ്ങാൻ മീൻമാർക്കറ്റിൽ പോകാത്തത് പോലെ ഭരണ-രാഷ്ട്രീയ കാര്യങ്ങളെ കുറിച്ചറിയാൻ ഖുർആനോ സുന്നത്തോ പരതേണ്ടതില്ല.

### സലഫീ വീക്ഷണം

* അല്ലാഹു ഇറക്കിയത് കൊണ്ട് വിധിക്കൽ തൗഹീദുൽ ഉലൂഹിയ്യത്തിൽ ഉൾപ്പെടുന്നതാണ്. എന്തെന്നാൽ അത് അല്ലാഹുവിനുള്ള ഇബാദത്തുകളുടെ കൂട്ടത്തിൽ പെട്ടതാണ്.

* ഹാകിമിയ്യത്ത് കൊണ്ടുദ്ദേശിക്കുന്നത് മനുഷ്യരുടെ ജീവിത വ്യവഹാരങ്ങളിൽ അവർ എങ്ങനെ വർത്തിക്കണം എന്ന് തീരുമാനിക്കാനുള്ള അധികാരം അല്ലാഹുവിന് മാത്രമാണെന്നതാണ്.

* ഇന്നത്തെ ഭൂരിപക്ഷം ഭരണാധികാരികളും അല്ലാഹുവിന്റെ ഹാകിമിയ്യത്ത്-നിയമ നിർമാണത്തിനുള്ള പരമാധികാരം-കൈയ്യടക്കി വെച്ചവരാണ്.

* ശിർക്ക് പലതരമുണ്ട്. അതിലൊന്നാണ് ശിർക്കുൽ ഹാകിമിയ്യത്ത് അഥവാ അനുസരണ ശിർക്ക്. ആരാധനാരംഗത്തെ ശിർക്കും ഭരണരംഗത്തെ ശിർക്കും സമാനമാണ്. ദൈവേതര വ്യവസ്ഥയെ പിൻപറ്റുന്നതും ബിംബങ്ങളെ ആരാധിക്കുന്നതും ഒരുപോലെയാണ്.

* ഭൗതിക കാര്യങ്ങളിലാണെങ്കിൽ പോലും - ഖുർആനും സുന്നത്തും അവലംബിക്കാതെ - സ്വതന്ത്രമായി നിയമമുണ്ടാക്കാനുള്ള അധികാരം അല്ലാഹുവിനല്ലാതെയില്ല. ഉണ്ടെന്ന് വിശ്വസിക്കുന്നത് ശിർക്കാണ്.

ഇസ്‌ലാമികേതര ഭരണകൂടങ്ങൾക്ക് നിരുപാധികമായ അനുസരണം വകവെച്ചുകൊടുക്കുന്നവർ മാത്രമല്ല, അങ്ങനെ വകവെച്ചുകൊടുക്കുന്നതിന് തെറ്റില്ലെന്ന് വിശ്വസിക്കുന്നവരും അത് പത്രപ്രസിദ്ധീകരണങ്ങളിലൂടെ പ്രച

രിപ്പിക്കുന്നവർ പോലും മുസ്‌ലിംകളിലുണ്ടെന്നും 'അതിനാൽ രാഷ്ട്രീയമായ ശിർക്കിൽ നിന്ന് മുസ്‌ലിംകളെ മോചിപ്പിക്കുന്നതിന് ഒരു തീവ്രയത്നം തന്നെ അനിവാര്യമാണെ'ന്നും ഇപ്പോഴെങ്കിലും മനസ്സിലായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രിയ മുജാഹിദ് സുഹൃത്തുക്കളേ, മേലുദ്ധരിച്ച, ഇസ്‌ലാമിക ലോകത്ത് ഇന്നേവരെ തർക്ക വിഷയമായിട്ടില്ലാത്ത, ഒരാളും നിഷേധിക്കാൻ ധൈര്യം കാണിച്ചിട്ടില്ലാത്ത ഹാകിമിയ്യത്തിലുള്ള ശിർക്കിനെ അഥവാ അനുസരണ ശിർക്കിനെ കുറിച്ച്, അങ്ങനെ ഒരു ഇനം ശിർക്ക് തന്നെയില്ല എന്ന് പറയുന്ന നിങ്ങൾ പിന്നെ ഏത് ശിർക്കിനെതിരെയാണ് പൊരുതിക്കൊണ്ടിരിക്കുന്നത്? എന്തടിസ്ഥാനത്തിലാണ്, 'ഞങ്ങളാണ്, ഞങ്ങൾ മാത്രമാണ് യഥാർഥ മുവഹ്ഹിദുകൾ' എന്ന് വിശേഷിപ്പിച്ചുകൊണ്ടിരിക്കുന്നത്? ഏത് 'തമ്പുരാക്കന്മാരെ' തൃപ്തിപ്പെടുത്താനാണ് ഇസ്‌ലാമികാദർശത്തിന്റെ അടിത്തറയുമായി നേർക്കുനേരെ ബന്ധപ്പെട്ടതും, ഇസ്‌ലാമിക ലോകത്ത് സുസമ്മതവുമായ ഇത്തരം യാഥാർഥ്യങ്ങളെ പോലും നിഷേധിച്ചുകൊണ്ടിരിക്കുന്നത്? ഇസ്‌ലാമികേതര പ്രത്യയ ശാസ്ത്രങ്ങളോടും വ്യവസ്ഥകളോടും അതിന്റെ പിണിയാളുകളോടുമുള്ള നിങ്ങളുടെ ഈ 'അനുരാഗാത്മക ഭ്രമ'മോ, അവർക്കുവേണ്ടി, ഇസ്തിഗാസാ ശിർക്കിനെ നിഷേധിക്കുന്ന 'സുന്നി'കളെ കടത്തിവെട്ടുന്ന വീറോടും വാശിയോടും കൂടി അനുസരണ ശിർക്കിനെ വെള്ളപൂശുന്നതോ തൗഹീദിനെതിരാകില്ലെന്നാണോ നിങ്ങൾ ധരിച്ചിരിക്കുന്നത്? സ്വർഗത്തിന് പകരമായി അല്ലാഹുവിന് വിറ്റ ശരീരവും സമ്പത്തും ജീവിതവും രാഷ്ട്രീയക്കാർക്ക് മറിച്ചുവിൽക്കുന്നതിന് ഖുർആനിലും സുന്നത്തിലും ന്യായങ്ങൾ കണ്ടെത്തുന്ന ഈ തന്ത്രം നെഞ്ചകത്തുള്ള കാര്യങ്ങളും കണ്ണിന്റെ കട്ടുനോട്ടവും സൂക്ഷ്മമായറിയുന്ന പടച്ചവന്റെ പരലോക വിചാരണയിൽ വിലപ്പോവില്ലെന്നോർക്കുക.

■